I.T Section

പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 31 — 11-06-2013 -ൽ മറുപടിക്ക്.

ഭവനനിർമ്മാണ വായ്പ എഴുതിത്തള്ളാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. റോഷി അഗസ്റ്റിൻ<br>" എം.വി. ശ്രേയാംസ് കുമാർ.<br>" ഡോ.എൻ. ജയരാജ്.<br>" പി.സി. ജോർജ്. | | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി) |
| (എ) | ഭവനനിർമ്മാണ ബോർഡിൽനിന്ന് ഭവനവായ്പയെടുത്തിട്ട് തിരിച്ചടയ്ക്കാൻ സാധിക്കാതെ കടക്കെണിയിൽപ്പെട്ടിട്ടുള്ളവരുടെ കടം എഴുതിത്തള്ളാൻ ഉദ്ദേശിക്കുന്നുവോ; വിശദാംശങ്ങൾ നൽകുമോ; | (എ) | ഉണ്ട്. ഭവന നിർമ്മാണ ബോർഡ് 1980-86 -കളിൽ നടപ്പാക്കിയ ഹഡ്കോ 80, എൽ.ഐ.ജി, എൽ.ഐ.ജി 83, എൽ.ഐ.ജി 86, എൽ.ഐ.ജി 82, എന്നീ പദ്ധതിയിൽപ്പെട്ട ഭവന വായ്പകൾ എഴുതി-ത്തള്ളുന്നതും 34,000/-രൂപയ്ക്ക് മുകളിലേയ്ക്ക് അനുവദിച്ചിട്ടുള്ള എൽ.ഐ.ജി, വിഭാഗത്തിൽപ്പെട്ട വായ്പ തിരിച്ചടയ്ക്കാൻ നിർവ്വാഹമില്ലാത്തവർക്ക് ഇളവുകൾ അനുവദിക്കുന്നതു സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. മൈത്രി വായ്പാ ഗഡുക്കൾ ഭാഗികമായി കൈപ്പറ്റിയതും വീട് പണി പൂർത്തികരിച്ചിട്ടില്ലാത്തവരുമായ 784 പേരുടെ കുടിശ്ശിക തുകയായ 4.04 കോടി രൂപ എഴുതിത്തള്ളുന്നതും സർക്കാരിന്റെ പരി ശോധനയിലാണ്. |
| (ബി) | ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര തുകയുടെ കടങ്ങൾ ഈ ഇനത്തിൽ എഴുതിത്തള്ളിയിട്ടുണ്ടെന്ന് അറിയിക്കുമോ; | (ബി) | 1996 മുതൽ ദുർബലവിഭാഗക്കാർക്കായി നടപ്പിലാക്കിയ മൈത്രി ഭവനപദ്ധതിയിലെ കുടിശ്ശികക്കാരായ 38,384 പേരുടെ 137.94 കോടി രൂപ എഴുതിത്തള്ളിയിട്ടുണ്ട്. അവരുടെ പണയാധാരങ്ങൾ ആവശ്യമായ രേഖകൾ സമർപ്പിച്ച എല്ലാവർക്കും ഇതിനകം തിരികെ നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ |

| | | | |
|---|---|---|---|
| | | | രോഗികളും അശരണരുമായ വിവിധ വായ്പാ പദ്ധതികളിൽപ്പെട്ട 19 ഗുണഭോക്താക്കളുടെ വായ്പാ കുടിശ്ശികയായ 59.84 ലക്ഷം രൂപയും എഴുതിത്തള്ളിയിട്ടുണ്ട്. |
| (സി) | ഭവനരഹിതർക്ക് ഉപഭോക്തൃവിഹിതം കൂടാതെ തന്നെ സംസ്ഥാന നിർമ്മിതി കേന്ദ്രം വഴി ഭവനം നിർമ്മിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ